പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2245 11-03-2020-ൽ മറുപടിക്ക്

## ടൂറിസം മേഖലയ്ക്ക് പകർച്ചവ്യാധികൾ ഉണ്ടാക്കുന്ന പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കൊറോണ, നിപ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ടൂറിസം മേഖലയ്ക്ക് ഭീഷണിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കൊറോണ, നിപ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ടൂറിസം മേഖലയ്ക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. നിപ മൂലം ഉണ്ടായ പ്രതിസന്ധി മറികടക്കുവാൻ ടൂറിസം വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് സാധിച്ചിട്ടുണ്ട്. കൊറോണ വൈറസ് വഴിയുണ്ടായിട്ടുള്ള പ്രയാസങ്ങൾ വിലയിരുത്തി വരുന്നു. ഇതു പരിഹരിക്കുന്നതിലുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെടുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേക്ക് വരാൻ ഉദ്ദേശിക്കുന്ന സഞ്ചാരികൾക്കും ടൂറിസം ഇൻഡസ്ട്രിയ്ക്കും ഹോട്ടൽ മേഖലയ്ക്കും പ്രത്യേക നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നൽകുകയും ചെയ്തിരുന്നു. ടൂറിസം വകുപ്പ് ഈ നിർദ്ദേശങ്ങൾ വൻ തോതിൽ ടൂറിസം രംഗത്ത് പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പകർച്ചവ്യാധികൾ മൂലം ടൂറിസം മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി നേരിടുന്നതിന് വകുപ്പ് | (ബി) | വിനോദ സഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും മറ്റു പകർച്ച വ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ ടൂറിസം വകുപ്പ് പന്ത്രണ്ടിന |

| | | | | |
|---|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി.<br>1. തകർന്നുകിടക്കുന്ന റോഡുകളുടെ അടിയന്തര പ്രാധാന്യത്തോടെയുള്ള നവീകരണം.<br>2. ടൂറിസം സജ്ജമാക്കൽ സർവെ<br>3. കേരള ട്രാവൽ മാർട്ടിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ<br>4. ലണ്ടനിൽ നടന്ന ഡബ്ല്യൂ.ടി.എം. 2019 ലുള്ള പങ്കാളിത്തം<br>5. കൊച്ചി മുസിരിസ് ബിനാലെയുടെ നടത്തിപ്പിനുള്ള പങ്കാളിത്തം<br>6. കേരളം തിരിച്ചുവന്നുവെന്നു കാണിക്കുന്ന തരത്തിൽ അത്യുത്സാഹത്തോടെയുള്ള ഡിജിറ്റൽ പരസ്യ പ്രചരണം<br>7. മാധ്യമ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ<br>8. ബ്രാൻഡ് പ്രചാരണം<br>9. ട്രേഡ് ഫെയറുകളിലെ പങ്കാളിത്തവും റോഡ് ഷോകൾ സംഘടിപ്പിക്കലും<br>10. ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ആരംഭം<br>11. അടിസ്ഥാന സൗകര്യവികസനത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ<br>12. സമൂഹത്തിന്റെ ഇടപെടലുകളോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതികളുടെ നടപ്പാക്കലും പ്രചരണവും. |

**സെക്ഷൻ ഓഫീസർ**